**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5737** — **03/11/2016-ൽ മറുപടിയ്ക്ക്.**

ക്ഷീര കർഷകർക്കുള്ള കടാശ്വാസ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ ജോർജ് എം. തോമസ്** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരകർഷകർക്കായി ക്ഷീരവികസന വകുപ്പ് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദാംശം ലഭ്യമാക്കുമോ; | (എ) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീര കർഷകർക്കായി വിജ്ഞാന വ്യാപന പരിപാടികൾ, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിതീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്മെന്റ് പ്രോഗ്രാം, ഇന്റഗ്രേറ്റഡ് ഡെയറി ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീര സംഘങ്ങൾ നവീകരിക്കുന്നതിനുള്ള ധനസഹായം, പാൽഗുണ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ,അവശ്യാധിഷ്ഠിതസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കൂടാതെ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ,അവശതാപെൻഷൻ, ചികിത്സധനസഹായം,വിവാഹ ധനസഹായം, മരണാനന്തര ധന സഹായം എന്നിവയും നൽകി വരുന്നു. |
| (ബി) കടക്കെണിയിലായ ക്ഷീരകർഷകർക്കായി ആശ്വാസ നടപടികൾ സ്വീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ബി) പരിഗണനയിലുണ്ട്. |
| (സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ കടക്കെണിയിലായ ക്ഷീരകർഷകർക്ക് സഹായം നൽകുന്നതിന് 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | പദ്ധതി എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ